## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3142 | | 21.08.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| പ്ലാസ്റ്റിക് നിരോധനം | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.ആർ. രാമചന്ദ്രൻ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | വിവിധ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ നടത്തിയ പ്ലാസ്റ്റിക് നിരോധനം എത്രത്തോളം ഫലപ്രദമായിരുന്നെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്ലാസ്റ്റിക്കിനു പകരം ആവശ്യമുള്ള തുണിസഞ്ചികളും മറ്റും യഥേഷ്ടം ലഭ്യമാകുന്നു എന്നുറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗമാണ് തദ്ദേശ സ്ഥാപനങ്ങൾ പ്രധാനമായും നിരോധിച്ചിട്ടുള്ളത്. ഇങ്ങനെ നിരോധനം ഏർപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിൽ തുണിസഞ്ചികളുടെ അഭാവം ബുദ്ധിമുട്ടുകളോ പ്രതിസന്ധികളോ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. കുടുംബശ്രീ സംരംഭങ്ങൾ, സ്വകാര്യ സംരംഭങ്ങൾ തുടങ്ങിയവർ തുണി സഞ്ചികളും പേപ്പർ ബാഗുകളും തയ്യാറാക്കി വിപണിയിൽ എത്തിക്കുന്നുണ്ട്. കൂടാതെ പ്ലാസ്റ്റിക് നിരോധിച്ച സ്ഥലങ്ങളിൽ വൻതോതിൽ സംസ്ഥാനത്തിന്റെ പുറത്തു നിന്നും തുണിസഞ്ചികൾ താരതമ്യേന വില കുറഞ്ഞും ലഭിക്കുന്നുണ്ട്.<br>സംസ്ഥാന ശുചിത്വ മിഷൻ, കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ തുണിസഞ്ചികളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് ഒട്ടേറെ നടപടികൾ എടുത്തു വരുകയാണ്. സംസ്ഥാന ശുചിത്വ മിഷൻ തദ്ദേശ സ്ഥാപനങ്ങളിൽ ലഭ്യമാക്കിയിട്ടുള്ള ഐ.ഇ.സി/കപ്പാസിറ്റി ബിൽഡിങ് ഫണ്ടുകൾ ഉപയോഗിച്ച് കൊണ്ട് തുണിസഞ്ചികളുടെ നിർമ്മാണത്തിനുള്ള പരിശീലനം, തുണിസഞ്ചികളുടെ ഉപയോഗം പ്രചരിപ്പിക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയും നടത്തിവരുന്നു. കുടുംബശ്രീ പ്രസ്ഥാനത്തിന്റെ കീഴിൽ ഒട്ടേറെ ചെറുസംരംഭകഗ്രൂപ്പുകൾ തുണി സഞ്ചി നിർമ്മാണത്തിലേക്ക് കടന്നുവന്നു കൊണ്ടിരിക്കുകയാണ്. പ്ലാസ്റ്റിക് നിരോധിച്ച സ്ഥലങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ അഭാവം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ